# FIRST MIDTERM EXAMINATION 2023 - 24

Max. Marks : 20

Std. X **കേരളപാഠാവലി** Time : 45 Mts.

---

**I 1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം** (4x1=4)

1. മുക്തിക്ക് വിഘ്നം വരുത്തുവാൻ ശക്തിയുള്ളതെന്ന് എഴുത്തച്ഛൻ ചൂണ്ടിക്കാട്ടുന്നത് ഏത് ?

2. 'എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളൊരു ഹവ്യവാഹന്'

ഏത് കഥാപാത്രത്തെയാണ് ഹവ്യവാഹൻ എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്?

3. വിഗ്രഹിച്ചെഴുതുക - മാനസതാര്

4. 'അപ്പോൾ ഒന്നാമത്, ആ വെള്ളിസമാനം നമ്മുടെയായിരുന്നുവോ!' ഇങ്ങനെ ചോദിച്ചതാര് ?

**II 5, 6 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** (2x1=2)

5. 'എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി' - ശകുന്തള ഇപ്രകാരം പറഞ്ഞതെന്തുകൊണ്ട്?

6. വിദ്യയും അവിദ്യയും തമ്മിലുള്ള വ്യത്യാസമെന്ത്?

**III 7 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.** (4x2=8)

7. 'വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം 'വരികളിലെ സാദൃശ കല്പനയുടെ ഭംഗി വിവരിക്കുക.

8. ഋതുയോഗം എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

9. പാവങ്ങൾ എന്ന നോവലിലെ മെത്രാൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് എഴുതുക.

**IV 10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** (6x1=6)

10. 'ക്രോധം പരിത്യജിക്കേണം ബുധജനം' സമകാലിക പ്രസക്തി കൂടി കണ്ടെത്തി എഴുത്തച്ഛന്റെ ഉപദേശത്തെ ആസ്പദമാക്കി മുഖപ്രസംഗം തയ്യാറാക്കുക.

11. 'കാലാതീതം കാവ്യവിസ്മയം' എന്ന യൂണിറ്റിന്റെ പേര് ലക്ഷ്മണസാന്ത്വനം, ഋതുയോഗം, പാവങ്ങൾ എന്നീ പാഠങ്ങൾക്ക് എത്രമാത്രം ഉചിതമാണ്. നിങ്ങളുടെ വിലയിരുത്തലുകൾ എഴുതുക.